"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - RGSA പദ്ധതിയുടെ SCSP ഘടകത്തിനായുള്ള സംസ്ഥാന ബജറ്റിലെ 2515-00-789-97-02 SCSP എന്ന ശീർഷകത്തിൽ നിന്നും 7,50,00,000/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.708/2026/LSGD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം.142/2026/ത.സ്വ.ഭ.വ; തീയതി 16.01.2026
2. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 09.02.2026 തീയതിയിലെ LSGD/PD.33029/2023-RGSA1 നമ്പർ കത്ത്
3. സ.ഉ (സാധ) നം.2429/2026/ധന; തീയതി 09.03.2026

**ഉത്തരവ്**

2025-26 വർഷം രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) പദ്ധതിയ്ക്കായി 2515-00-101-56-02 (General) ശീർഷകത്തിൽ പരാമർശം(1) പ്രകാരം വകയിരുത്തിയിട്ടുള്ള 12.50 കോടി രൂപയിൽ നിന്നും SCSP ഘടകത്തിനായുള്ള കേന്ദ്ര-സംസ്ഥാന വിഹിതമായ 7,50,00,000/- രൂപ SCSP ഘടകത്തിനായുള്ള സംസ്ഥാന ബജറ്റിലെ 2515-00-789-97-02 SCSP എന്ന ശീർഷകത്തിലേയ്ക്ക് Re-appropriation ലൂടെ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം(2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

അധിക ധനാനുമതി അനുവദിച്ച ഫണ്ടിന്റെ പുനർവിനിയോഗം അനുവദനീയമല്ലാത്തതിനാൽ, 2515-00-789-97-02 (SCSP) എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി 7.50 കോടി രൂപ അനുവദിച്ച് കൊണ്ട് പരാമർശം(3) പ്രകാരം ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 2515-00-789-97-02 SCSP എന്ന ശീർഷകത്തിൽ നിന്നും 7,50,00,000/- രൂപ അനുവദിച്ചു നൽകിയും ഈ അധിക ചെലവ് നിലവിലെ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി, ഗ്രാന്റിനുള്ളിലെ നീക്കിയിരുപ്പ് പുനർവിനിയോഗം (Reappropriation of savings) വഴിയോ അല്ലെങ്കിൽ അനുബന്ധ ഗ്രാന്റുകൾ (Supplementary Demands for Grants) വഴിയോ ക്രമപ്പെടുത്തുന്നതിന് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ(റൂറൽ), തദ്ദേശ സ്വയം ഭരണ വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
എക്സിക്യുട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 12-03-2026 14:57:49
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ്സെക്രട്ടറിയുടെ പി.എ യ്ക്ക്